# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6506** **11-07-2012-ൽ മറുപടിയ്ക്ക്**

## ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാലോട് രവി :**<br>**ശ്രീ. എം.പി. വിൻസെന്റ് :**<br>**ശ്രീ. കെ. അച്ചുതൻ :**<br>**ശ്രീ. ലൂഡി ലൂയിസ് :** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| **(എ)** ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കാമോ ; | **(എ)** ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **(ബി)** റോഡപകടങ്ങൾ കുറച്ചു കൊണ്ടു വരുന്നതിനും വിലപ്പെട്ട മനുഷ്യ ജീവൻ രക്ഷിക്കുന്നതിനും കമ്മിറ്റികളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ? | **(ബി)** പ്രാദേശികമായി ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ മറ്റ് വകുപ്പുകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച ചെയ്ത് വാഹന ഗതാഗതത്തിനും കാൽനട യാത്രക്കാർക്കും ഉണ്ടാകുന്ന അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും തടസ്സങ്ങളും പരമാവധി ഒഴിവാക്കി റോഡപകടങ്ങൾ കുറച്ചുകൊണ്ട് വരുന്നതിനും മനുഷ്യജീവൻ രക്ഷിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ്- ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തലങ്ങളിൽ ട്രാഫിക് ക്രമീകരണ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

ആഭ്യന്തര (എസ്.സി) വകുപ്പ്.

സ. ഉ. (സാധാ)നം. 2861 /ആഭ്യന്തരം. തീയതി, തിരുവനന്തപുരം. 24.09.2011.

==========================================================

പരാമർശം:- 1) 2011-ലെ കേരള പോലീസ് ആക്ട്
2) സംസ്ഥാന പോലീസ് മേധാവിയുടെ 8.7.2011-ലെ എസ്.5/59726/2011 നമ്പർ കത്ത്.

## ഉത്തരവ്

2011-ലെ കേരള പോലീസ് ആക്ട് 72-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ട്രാഫിക് സംബന്ധമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ട്രാഫിക് ക്രമീകരണ സമിതികൾ രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

### ഗ്രാമപഞ്ചായത്ത് തല ട്രാഫിക് ക്രമീകരണ സമിതി

| | |
|---|---|
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | -അദ്ധ്യക്ഷൻ |
| ജില്ലാ മജിസ്ട്രേറ്റിന്റെ പ്രതിനിധി | -അംഗം |
| ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി | - അംഗം |
| പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതിനിധി | - അംഗം |
| റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പ്രതിനിധി | - കൺവീനർ |

## മുനിസിപ്പാലിറ്റി തല ട്രാഫിക് ക്രമീകരണ സമിതി

| | |
|---|---|
| മുനിസിപ്പാലിറ്റി ചെയർപേഴ്സൺ | -അദ്ധ്യക്ഷൻ |
| ജില്ലാ മജിസ്ട്രേറ്റിന്റെ പ്രതിനിധി | -അംഗം |
| ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി | - അംഗം |
| പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതിനിധി | - അംഗം |
| റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പ്രതിനിധി | - കൺവീനർ |

## കോർപ്പറേഷൻ തല ട്രാഫിക് ക്രമീകരണ സമിതി

| | |
|---|---|
| കോർപ്പറേഷൻ മേയർ | -അദ്ധ്യക്ഷൻ |
| ജില്ലാ മജിസ്ട്രേറ്റിന്റെ പ്രതിനിധി | -അംഗം |
| ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി | - അംഗം |
| പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതിനിധി | - അംഗം |
| റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പ്രതിനിധി | - അംഗം |

2011-ലെ കേരള പോലീസ് ആക്റ്റ് 72 (3) വകുപ്പ് പ്രകാരം, ട്രാഫിക് ക്രമീകരണ സമിതി ഓരോ പ്രദേശത്തും 1988-ലെ മോട്ടോർ വാഹന ആക്ടും (1988ലെ 59) 2007-ലെ കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്ടും (2007-ലെ 8) അവയ്ക്ക് കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്ക് വിരുദ്ധമല്ലാത്ത രീതിയിൽ പൊതുജനങ്ങൾക്കുണ്ടാകാവുന്ന അപായം, തടസ്സം, അസൗകര്യം മുതലായവ തടയുന്നതിനായി ട്രാഫിക് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിലും ഉത്തരവാകുന്നു. ഈ ഉത്തരവ് ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും പാലിക്കേണ്ടതാണ്.

(എ) പൊതുസ്ഥലങ്ങളിലെ എല്ലാത്തരത്തിലുമുള്ള സമയവും ക്രമീകരിക്കുക.

(ബി) പൊതുനിരത്തിലൂടെ സഞ്ചരിക്കുന്നവരുടെ ശ്രദ്ധതിരിക്കാനോ അവർക്ക് അപകടകരമാകാനോ സാധ്യതയുള്ള രീതിയിൽ ഏതെങ്കിലും വസ്തുവിൽ കാണപ്പെടുന്ന കമാനം, തോരണം, ബാനർ, ഹോർഡിംഗുകൾ, അടയാളങ്ങൾ, പ്രതിരൂപങ്ങൾ, ലൈറ്റ് ഉപയോഗിച്ചുള്ള പ്രദർശനങ്ങൾ, നിർമ്മാണ പ്രവൃത്തി, കച്ചവടം, വെൽഡിംഗ്, അന്തരീക്ഷ മലിനീകരണം, ശബ്ദശല്യം, പാറപൊട്ടിക്കൽ, ഖനനം, പടക്കം പൊട്ടിക്കൽ, പട്ടം പറപ്പിക്കൽ, കരിമരുന്നു പ്രയോഗം എന്നിവ ക്രമീകരിക്കുകയും ആവശ്യമെങ്കിൽ നീക്കം ചെയ്യുകയും ചെയ്യുക .

സി) തെരുവുകളിലൂടെ തടി, കഴ, ഏണി, ഇരുമ്പുപാളി, ബീമുകൾ, ദണ്ഡുകൾ, ബോയിലറുകൾ, കമ്പി, മണ്ണ്, കൈകാര്യം ചെയ്യാൻ പ്രയാസമുള്ള മറ്റു വസ്തുക്കൾ എന്നിവ കൊണ്ടുപോകുന്നതിന്റെ വിധവും രീതിയും ക്രമീകരിക്കുക.

ഡി) റോഡ് ഉപയോഗിക്കുന്നവർക്ക് അപകടമുണ്ടാക്കാവുന്ന സ്ഫോടക വസ്തുക്കളോ അല്ലെങ്കിൽ ഹാനീകരമായ രാസവസ്തുക്കളോ പൊതുസ്ഥലങ്ങളിലൂടെ കൊണ്ടുപോകുന്നത് ക്രമീകരിക്കുക.

(ഇ) നിലംപതിക്കാൻ പോകുന്ന കെട്ടിടങ്ങളിൽ നിന്നോ മറ്റു കാരണങ്ങളാലോ ഉള്ള അപകടം ഉണ്ടാകുമെന്നു ന്യായമായ ബോധ്യമുള്ള സാഹചര്യങ്ങളിൽ ചില തെരുവുകൾ അടച്ചിടുകയോ ചില സ്ഥലങ്ങളിലേക്ക് ആരും പ്രവേശിക്കരുതെന്ന് നിഷ്കർഷിക്കുകയോ ചെയ്യുക.

(എഫ്) റോഡരികിൽ സ്ഥിതിചെയ്യുന്ന സ്വകാര്യ കെട്ടിടത്തിലേക്കും സ്ഥലത്തേക്കും തെരുവിൽ നിന്നും പൊതുസ്ഥലത്തുനിന്നും ഉള്ള പ്രവേശനത്തിന്റെ രീതിയും മാർഗ്ഗവും ക്രമീകരിക്കുക.

(ജി) ഇതു സംബന്ധിച്ച് സംസ്ഥാനത്തിനോ പോലീസ് വകുപ്പിനോ ഏതെങ്കിലും സാമ്പത്തിക ബാധ്യത വരുത്താതെ പൊതുജനങ്ങൾക്ക് ഗതാഗത നടത്തിപ്പിൽ സ്വമേധയാ സഹായിക്കാവുന്ന രീതി നിശ്ചയിക്കുക.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
കെ. ജയകുമാർ.
അഡീഷണൽ ചീഫ് സെക്രട്ടറി.

പോലീസ് ഡയറക്ടർ ജനറൽ,തിരുവനന്തപുരം.
എല്ലാ ജില്ലാ പോലീസ് മേധാവിക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ
മുനിസിപ്പൽ ഡയറക്ടർ
കോർപ്പറേഷൻ സെക്രട്ടറിമാർ
ട്രാൻസ്പോർട്ട് കമ്മീഷണർ
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്.
ഗതാഗത വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്.
ഡയറക്ടർ,വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.